15 -ാം കേരള നിയമസഭ

3 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3548 — 26-10-2021 - ൽ മറുപടിയ്ക്ക്

## ഗവേഷണ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ സർവകലാശാലകളിലെ ഗവേഷണ സ്ഥാപനങ്ങൾ കൂടിയായ പഠന വിഭാഗങ്ങളിലും സെന്ററുകളിലും പി.എച്ച്.ഡി. ബിരുദം നേടിയിട്ടില്ലാത്ത അദ്ധ്യാപകർ നിയമിക്കപ്പെട്ടിട്ടുള്ളതായി അറിവുണ്ടോ; ഉണ്ടെങ്കിൽ ഓരോ സർവ്വകലാശാലയിലുമുള്ള മേൽപ്പറഞ്ഞ അധ്യാപകരുടെ എണ്ണം സർവ്വകലാശാല തിരിച്ച് നൽകാമോ; | (എ) | കേരളത്തിലെ സർവ്വകലാശാലകളിൽ പി.എച്ച്.ഡി. ബിരുദം നേടിയിട്ടില്ലാത്ത അദ്ധ്യാപകരുടെ എണ്ണം ചുവടെ ചേർക്കുന്നു: 1. കേരള സർവ്വകലാശാല കേരള സർവകലാശാലയിലെ ഗവേഷണ സ്ഥാപനങ്ങൾ കൂടിയായ പഠനവിഭാഗങ്ങളിൽ പി.എച്ച്.ഡി ബിരുദം നേടിയിട്ടില്ലാത്ത 14 അദ്ധ്യാപകർ നിയമിക്കപ്പെട്ടിട്ടുണ്ട്. 2. കണ്ണൂർ സർവ്വകലാശാല കണ്ണൂർ സർവ്വകലാശാലയിൽ 15 അധ്യാപകരുണ്ട്. 3. മലയാള സർവ്വകലാശാല മലയാള സർവകലാശാലയിൽ ആകെ അധ്യാപകർ - 34, പി.എച്ച്.ഡി ബിരുദം നേടിയിട്ടില്ലാത്തവർ - 3. 4. ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല 2018 ന് മുൻപ് സംസ്കൃത സർവ്വകലാ ശാലയിൽ പി.എച്ച്.ഡി ബിരുദം നേടിയിട്ടില്ലാത്ത അധ്യാപകർ നിയമിക്കപ്പെട്ടിട്ടുണ്ട്. 2018 മുതൽ പി.എച്ച്.ഡി. യോഗ്യതയുള്ള അദ്ധ്യാപകരെ മാത്രമാണ് സർവ്വകലാശാല വിവിധ തസ്തികകളിൽ നിയമിക്കുന്നത്. നിലവിൽ പി.എച്ച്.ഡി ബിരുദം നേടിയിട്ടില്ലാത്ത അധ്യാപകരുടെ എണ്ണം - 25. 5. കാലിക്കറ്റ് സർവ്വകലാശാല നിയമിക്കപ്പെടുന്ന സമയത്ത് പി.എച്ച്.ഡി ബിരുദം നേടിയിട്ടില്ലാത്ത അധ്യാപകർ - 10 6. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ 27 അധ്യാപകർക്ക് പി.എച്ച്.ഡി ബിരുദം ഇല്ല. 7. മഹാത്മാഗാന്ധി സർവ്വകലാശാല മഹാത്മാഗാന്ധി സർവ്വകലാശാലയിൽ പി.എച്ച്.ഡി. ബിരുദം നേടിയിട്ടില്ലാത്ത അദ്ധ്യാപകരെ അസിസ്റ്റന്റ് പ്രൊഫസർ/ അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ യു.ജി.സി. നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡ പ്രകാരം നിയമിച്ചിട്ടുണ്ട്. നിലവിൽ സർവ്വകലാശാലയിൽ സേവനമനുഷ്ഠിച്ച് വരുന്ന അധ്യാപകരിൽ 27 പേർക്ക് നിയമിക്കുമ്പോൾ |

| | | | |
|---|---|---|---|
| | | | പി.എച്ച്.ഡി. ബിരുദം ഇല്ലായിരുന്നുവെങ്കിലും 8 പേർ ഒഴികെ മറ്റുള്ള അദ്ധ്യാപകർ പി.എച്ച്.ഡി. നേടിയിട്ടുണ്ട്. 8. ന്യൂവാൽസ് - യു.ജി.സി. നിർദ്ദേശം ലഭിച്ചതിനു ശേഷം പി.എച്ച്.ഡി. ബിരുദം നേടിയിട്ടില്ലാത്തവരെ അധ്യാപകരായി നിയമിച്ചിട്ടില്ല. |
| (ബി) | ഗവേഷണ ബിരുദയോഗ്യത നേടിയിട്ടില്ലാത്തവരെ ഗവേഷണ / പഠന വകുപ്പുകളുടെ മേധാവി സ്ഥാനത്തേയ്ക്ക് പരിഗണിക്കില്ല എന്നിരിക്കെ പഠനേതര ഗവേഷണ കേന്ദ്രങ്ങളുടെ ഡയറക്ടർ/ ഹെഡ് തുടങ്ങിയ സ്ഥാനങ്ങളിൽ നിന്നും ഗവേഷണ ബിരുദമില്ലാത്തവരെ ഒഴിവാക്കുന്നതിന് സർവ്വകലാശാലകൾക്ക് നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ? | (ബി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ